LIBRARY ARCHIVES Kerala Legislative Assembly

കാർഷിക വിപണന കേന്ദ്രങ്ങൾ

121 (2754) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംയോജിത സേവന വിതരണത്തിന്റെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ കേന്ദ്ര സഹായത്തോടെ കാർഷിക വിപണന കേന്ദ്രങ്ങൾ (Malls) സ്ഥാപിക്കുമെന്ന 2014-15-ലെ ബജറ്റ് പ്രഖ്യാപനം നടപ്പാക്കിയിട്ടുണ്ടോ ;

(ബി) എങ്കിൽ എവിടെയൊക്കെയാണ് ഇത്തരം കേന്ദ്രങ്ങൾ സ്ഥാപിക്കപ്പെട്ടിട്ടുള്ളതെന്ന വിവരം നൽകാമോ ?

ഉത്തരം

(എ) ഇതുവരെ ലഭ്യമാകാത്തതിനാൽ നടപ്പാക്കിയിട്ടില്ല.

(ബി) തിരുവനന്തപുരം ജില്ലയിലെ ആനയറ, നെടുമങ്ങാട് എന്നീ കാർഷിക മൊത്തവ്യാപാര വിപണികളിലെ സ്ഥലത്ത് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന അഗ്രിമാൾ പ്രോജക്ടുകളെ ആർ.ഐ.ഡി.എഫ്. (RIDF) സ്കീമിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കാർഷിക ഇൻഷ്വറൻസ്

122 (2755) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിലുള്ള കാർഷിക ഇൻഷ്വറൻസ് പദ്ധതികൾ ഏതെല്ലാം ; ഓരോ പദ്ധതിയുടെയും വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ബി) ഈ പദ്ധതികളിലൂടെ കഴിഞ്ഞ 4 വർഷം എത്ര കർഷകർക്ക് സാമ്പത്തിക സഹായം ലഭിച്ചു ; ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) എത്ര രൂപയുടെ സാമ്പത്തിക സഹായം കഴിഞ്ഞ നാലുവർഷം ഈ പദ്ധതിയിലൂടെ കർഷകർക്ക് ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കാർഷിക വിളകൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതിനായി കൃഷി വകുപ്പ് മുഖേന സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി, പരിഷ്കരിച്ച ദേശീയ കാർഷിക വിള ഇൻഷ്വറൻസ് പദ്ധതി, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി, കേരവൃക്ഷ ഇൻഷ്വറൻസ് പദ്ധതി എന്നിവ നടപ്പിലാക്കിവരുന്നു.